LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ റെയിൽവേ ഡിവിഷനുകൾ

101 [596] ശ്രീ. ടി. വി. ചന്ദ്രമോഹനൻ:
" എം. പി. ഗംഗാധരൻ:
" ജോർജ് ജെ. മാത്യു
" കെ. സുധാകരൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ ഡിവിഷനുകളാണുള്ളത്;

(ബി) 1-9-2004-ലെ നിലയനുസരിച്ച് ഇവയുടെ അധികാരപരിധി ഏതു വരെയാണ്;

(സി) ഇവയുടെ കീഴിൽ എത്ര കി. മീറ്റർ ദീതം റെയിൽവേ പാതകളുണ്ട്;

(ഡി) സംസ്ഥാനത്തെ റെയിൽവേ ഡിവിഷനുകളുടെ അധികാരപരിധിയിൽ കുറവുവരുത്തുന്നുവെങ്കിൽ അത് സംസ്ഥാനത്തെ റെയിൽവേ വികസനത്തെ എപ്രകാരം ബാധിക്കുമെന്ന് പറയാമോ;

(ഇ) സംസ്ഥാനത്ത് ഹെഡ് ക്വാർട്ടേഴ്സോടുകൂടി ഒരു റെയിൽവേ സോൺ അനുവദിച്ചു കിട്ടുന്നതിന് എന്തെല്ലാം നടപടികളെടുത്തു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട് ഡിവിഷനുകൾ.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സംസ്ഥാനത്തിനു മാത്രമായി പ്രത്യേക റെയിൽവേ സോൺ അനുവദിക്കണമെന്ന് ബന്ധപ്പെട്ട അധികാരികളോട് പലവട്ടം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ 2004-ൽ പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ഇക്കാര്യം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ബഹു. കേന്ദ്ര റെയിൽവേ വകുപ്പു മന്ത്രി ശ്രീ. ലാലുപ്രസാദ് യാദവ് തിരുവനന്തപുരം സന്ദർശിച്ച വേളയിൽ ഇക്കാര്യം അദ്ദേഹത്തോടും അഭ്യർത്ഥിച്ചിരുന്നു.

(3) വൈകികിട്ടിയ ഉത്തരങ്ങൾ

വ്യവസായ എസ്റ്റേറ്റുകൾ

102 [462] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വ്യവസായ എസ്റ്റേറ്റുകളാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്;

(ബി) ഇതിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു;

(സി) പ്രസ്തുത മേഖലയിൽ എത്ര തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു;

(ഡി) പ്രസ്തുത യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ വാർഷിക വിൽപ്പന എത്രയാണ്; കേരളത്തിന്റെ വ്യവസായമേഖലയുടെ ആകെ ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്;

(ഇ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം പുനരവലോകനം ചെയ്യാനും ആധുനികവൽക്കരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിഡ്കോയുടെ അധീനതയിൽ 17 വ്യവസായ എസ്റ്റേറ്റുകളാണ് നിലവിൽ പ്രവർത്തന ക്ഷമമായിട്ടുള്ളത്.

(ബി) ഈ 17 വ്യവസായ എസ്റ്റേറ്റുകളിലായി ആകെ 769 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(സി) പ്രസ്തുത മേഖലയിൽ ഏകദേശം 6152-ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. വ്യവസായ എസ്റ്റേറ്റുകളുടെ ആധുനികവൽക്കരണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതാണ്.

മലബാർ സിമന്റ്സിലെ നിയമനം

103 [463] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിൽ നിയമനം നടത്തുന്നതിന് ഇപ്പോൾ സ്വീകരിച്ചു വരുന്ന രീതി വ്യക്തമാക്കുമോ;

(ബി) മലബാർ സിമന്റ്സിലെ എല്ലാ നിയമനങ്ങളും പി.എസ്.സി. മുഖാന്തിരം നടത്തണമെന്ന് നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ശുപാർശയിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള നിയമനം സംബന്ധിച്ച 28-2-1992-ലെ 14896/BPE2/Plg. എന്ന സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചാണ് മലബാർ സിമന്റ്സിൽ നിയമനങ്ങൾ നടത്തുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly